**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5657** **13-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലകളിലെ ജനങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല എത്തിച്ചേരാത്ത പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് . |
| (ബി) | ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം പഞ്ചായത്തിലെ തീരദേശമേഖല ഉൾപ്പെടെയുള്ള മുഴുവൻ വീട്ടുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന 2020 - 21 ൽ അംഗീകാരം ലഭിച്ച 1090 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ 4400 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. 2021-22 വർഷം 1311 ലക്ഷം രൂപ ചെലവിൽ 2586 കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ നൽകുന്നതിനായുള്ള പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതി പൂർത്തിയാക്കുന്നതോട് കൂടി മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകും. |

സെക്ഷൻ ഓഫീസർ